പദ്ധതികളാണ്. ബാക്കിയുള്ളവയിൽ 8 പദ്ധതികൾ പൂർത്തീകരിച്ചു. 2013-14-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന 86 പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* നാഷണൽ ഹൈവേയിൽ നിന്ന് ക്രോസിങ്ങിനുള്ള അനുമതി ലഭിക്കേണ്ടതിനാലും ട്രാൻസ്ഫോർമർ/ഇന്റർ കണക്ഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ളതിനാലും പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## 2013-ലെ വരൾച്ചയുമായി ബന്ധപ്പെട്ട ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

185 (896) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(സി) ഈ കാലയളവിൽ ജലവിതരണ പദ്ധതികൾക്കായി എത്ര കോടി രൂപ അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 2013-ൽ വരൾച്ചയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിലെ പ്രവൃത്തികൾക്ക് 1512.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിലേക്കായി 57 കോടി രൂപ ജല അതോറിറ്റിക്ക് അനുവദിച്ച് ഉത്തരവായിരുന്നെങ്കിലും ഫണ്ട് അനുവദിക്കാത്ത സാഹചര്യത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ നിന്ന് താൽക്കാലികമായി 8.18 കോടി രൂപ ഈ പദ്ധതികൾക്ക് ചെലവാക്കിയിട്ടുണ്ട്.

ഭൂജല വകുപ്പ് 9 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം അനുവദിച്ച 2.75 കോടി രൂപ ചെലവഴിച്ചുവരുന്നു.

(ബി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ചെലവഴിച്ച തുക.

| ജില്ല | രൂപ (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 84.07 |
| കൊല്ലം | 104.85 |
| പത്തനംതിട്ട | 109.17 |
| കോട്ടയം | 146.51 |
| ആലപ്പുഴ | 95.96 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| എറണാകുളം | 376.34 |
| ഇടുക്കി | 1.94 |
| തൃശ്ശൂർ | 86.88 |
| പാലക്കാട് | 16.07 |
| മലപ്പുറം | 12.61 |
| കോഴിക്കോട് | 28.38 |
| വയനാട് | 439.78 |
| കണ്ണൂർ | 0.46 |
| കാസർഗോഡ് | 9.58 |
| ആകെ | 1512.60 |

കേരള വാട്ടർ അതോറിറ്റി ചെലവഴിച്ച തുക

| ജില്ല | രൂപ (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 185.34 |
| കൊല്ലം | 197.81 |
| പത്തനംതിട്ട | 23.68 |
| കോട്ടയം | 73.69 |
| ആലപ്പുഴ | 21.81 |
| എറണാകുളം | 42.51 |
| ഇടുക്കി | 15.50 |
| തൃശ്ശൂർ | 17.24 |
| പാലക്കാട് | 108.65 |
| മലപ്പുറം | 22.36 |
| കോഴിക്കോട് | 37.38 |
| വയനാട് | ..... |
| കണ്ണൂർ | 30.89 |
| കാസർഗോഡ് | 41.92 |
| ആകെ | 818.78 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭൂജല വകുപ്പ് ചെലവഴിച്ച തുക

| ജില്ല | രൂപ |
|---|---|
| തിരുവനന്തപുരം | 72,00,000 |
| കൊല്ലം | 24,63,224 |
| പത്തനംതിട്ട | 60,00,000 |
| കോട്ടയം | 2,27,07,465 |
| ആലപ്പുഴ | 1,75,00,000 |
| എറണാകുളം | 50,00,000 |
| ഇടുക്കി | 69,93,983 |
| തൃശ്ശൂർ | 11,94,855 |
| പാലക്കാട് | 51,64,763 |
| മലപ്പുറം | 61,05,884 |
| കോഴിക്കോട് | 8,00,000 |
| വയനാട് | 14,40,433 |
| കണ്ണൂർ | 15,00,000 |
| കാസർഗോഡ് | 4,00,000 |
| ആകെ | 8,44,70,607 |

വിവിധ ജില്ലകൾക്കായി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് 55,29,413 രൂപയുടെ പൈപ്പും ഹാൻഡ് പമ്പും വാങ്ങിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം ഭൂജലവകുപ്പിന് അനുവദിച്ച 2.75 കോടി രൂപയുടെ പദ്ധതികൾ എല്ലാ ജില്ലകളിലുമായി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(സി) വിവിധ കുടിവെള്ള പദ്ധതികൾക്കായി 9,00,00,000 രൂപ ഭൂജല വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം ഭൂജല വകുപ്പിന് 2.75 കോടി രൂപ കൂടി അനുവദിച്ചിരുന്നു. കൂടാതെ ജല അതോറിറ്റിക്ക് 57 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും തുകയൊന്നും നൽകിയിട്ടില്ല.

## ചേർത്തല താലൂക്കിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നടപടി

186 (897) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ചേർത്തല താലൂക്കിൽ കുടിവെള്ള വിതരണം നടത്തുന്നതിന് എത്ര തുക ചെലവഴിച്ചു ; ഇതിനോടകം ചേർത്തലയിൽ എത്ര കുടിവെള്ള കണക്ഷനുകൾ നൽകി എന്നു പറയാമോ ;